**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6350** **10-07-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ പദ്ധതി കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ പദ്ധതിയിൽ നാളിതുവരെ ആകെ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ; കേന്ദ്ര/ സംസ്ഥാന വിഹിതങ്ങൾ ആകെ അടങ്കൽ തുകയുടെ എത്ര ശതമാനമാണ്; വിശദമാക്കാമോ; | (എ) | ജലജീവൻ പദ്ധതിക്കായി 03.07.2024 വരെ ആകെ 9,732.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ജല ജീവൻ മിഷൻ വിഭാവനം ചെയ്തിരിക്കുന്നത് പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് പദ്ധതി തുക വഹിക്കേണ്ടത്. സംസ്ഥാനത്ത് ജല ജീവൻ മിഷൻ പദ്ധതി ചെലവ് (സംസ്ഥാന വിഹിതം 50%), ചുവടെ പറയുന്ന അനുപാതത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാന വിഹിതം 25%, തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം 15 %, ഗുണഭോക്തൃ വിഹിതം 10 %. |
| (ബി) | സംസ്ഥാനം നൽകേണ്ട 50% വിഹിതത്തിൽ ഉപഭോക്തൃ വിഹിതം, ഗ്രാമപഞ്ചായത്ത് വിഹിതം, സംസ്ഥാനത്തിന്റെ വിഹിതം എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന വിഭാവനം ചെയ്തിരിക്കുന്നത് പ്രകാരം സംസ്ഥാന വിഹിതം 25%, തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം 15%, ഗുണഭോക്തൃ വിഹിതം 10% എന്നിങ്ങനെ ആണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് പ്രസ്തുത പദ്ധതിയുടെ കാലാവധി 31.03.2025 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ